**Kerala Prisons & Correctional Services**

Prisons & Correctional Services Headquarters
Poojappura,
Thiruvanathapuram-12
:0471-2342532
:keralaprisons@gov.in

Dated : 06-11-2021

Office Circular No 56/2021

ശമ്പള സർട്ടിഫിക്കറ്റും ബാധ്യത പത്രവും നൽകുമ്പോൾ ഡി.ഡി.ഒ മാർ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ചും, റിക്കവറി നടപടികൾ കൈക്കൊള്ളേണ്ടത് സംബന്ധിച്ചും, റിക്കവറി ചെയ്ത തുക ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൻറെ  അക്കൌണ്ടിലേക്ക് മാറ്റുന്നത് സംബന്ധിച്ചും, ഇതുമായി ബന്ധപ്പെട്ട് ഡി.ഡി.ഒ മാർ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ചും 16/06/2021 തീയതിയിലെ No E3-2080/2021/PrHQ എന്ന കത്ത് പ്രകാരം എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും ജയിലാസ്ഥാനകാര്യാലയത്തിൽ നിന്നും വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. സഹകരണ സ്ഥാപനങ്ങളിലെ ബാധ്യത ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് KFC vol.1 Art.89 (3) പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

എന്നാൽ, വകുപ്പദ്ധ്യക്ഷന്റെ നിർദ്ദേശം നിലനിൽക്കെ പല സ്ഥാപനമേധാവികളും യഥാസമയം നടപടികൾ കൈക്കൊള്ളാത്തതു കാരണം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നടപടി ആവശ്യപ്പെട്ട് വകുപ്പദ്ധ്യക്ഷൻറെ പേരിൽ കത്തുകൾ ലഭ്യമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതു നടപടിക്രമങ്ങൾ ശരിയായി പാലിക്കുന്നതിൽ ഡി.ഡി.ഒ മാർ വരുത്തുന്ന ഗുരുതര വീഴ്ചയും ചട്ടങ്ങളുടെ നഗ്നമായ ലംഘനവുമാണ്. ഇത്തരം നടപടികൾ  വകുപ്പിനെക്കുറിച്ചുള്ള അവമതിപ്പിനും, വകുപ്പിൻറെ  സത്പേരിനു  കോട്ടം തട്ടുന്നതിനും കാരണമാകും.

ആതിനാൽ 16/06/2021 തീയതിയിലെ No E3-2080/2021/PrHQ എന്ന നിർദ്ദേശം എല്ലാ ജയിൽസ്ഥാപനമേധാവികളും കർശ്ശനമായി പാലിക്കേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണമിടപാടുകൾ നടത്തുന്ന ഉദ്ധ്യോഗസ്ഥർ പണം തിരികെ അടക്കുന്ന കാര്യത്തിൽ വീഴ്ച വരുത്താതിരിക്കുന്നതിനും, റിക്കവറി നോട്ടീസുകൾ സ്ഥാപനത്തിലേക്ക് അയക്കുന്ന സാഹചര്യം സൃഷ്ടിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കാൻ ഡി.ഡി.ഒ മാർ ഉദ്ധ്യോഗസ്ഥർക്ക് കർശന നിർദേശം കൊടുക്കേണ്ടതാണ്. റിക്കവറി നടപടികൾ കൃത്യമായി നിർവ്വഹിക്കാത്തത് മൂലം വകുപ്പദ്ധ്യക്ഷന് ധനകാര്യസ്ഥാപനങ്ങൾ കത്ത് എഴുതാനും റിക്കവറി നടപടികൾ നടത്താൻ ഡി.ഡി.ഒ മാർക്ക് നിർദ്ദേശം നല്കണമെന്ന് അപേക്ഷിക്കാനും ഇടവരുത്തരുതെന്ന് കർശനമായി അറിയിക്കുന്നു. ഇനിയും നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം ആയത് ബന്ധപ്പെട്ട ഡി.ഡി.ഒ യുടെ ഭാഗത്ത് നിന്നുള്ള ബോധപൂർവ്വമായ വീഴ്ചയായി കണ്ട് അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

Dr. SHAIK DARVESH SAHEB IPS
Director General of Prisons & Correctional Services

E3-4401/2019/PrHQ    db319a

To : 1. എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും.
2. വകുപ്പിലെ എല്ലാ ജീവനക്കാർക്കും (ബന്ധപ്പെട്ട സ്ഥാപനമേധാവി മുഖാന്തിരം).

Copy To : 1. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും ജീവനക്കാർക്കും.
2. ടെക്നിക്കൽ സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
3. സ്റ്റോക്ക് ഫയൽ.

E3-4401/2019/PrHQ

db319a